No. CEE/1600/PGN-2020/TA1

GOVERNMENT OF KERALA
OFFICE OF THE COMMISSIONER FOR ENTRANCE EXAMINATIONS
Housing Board Buildings, Santhi Nagar, Thiruvananthapuram- 695 001

# NOTIFICATION

# Entrance Examination for Admission to Post Graduate Degree Courses in Nursing (M.Sc. Nursing)- 2020

1. Applications are invited for the Entrance Examination for admission to Post Graduate Degree Courses in Nursing (M.Sc. Nursing) 2020 in the Government Nursing Colleges at Thiruvananthapuram, Alappuzha, Kottayam, Thrissur, Kozhikode, Kannur and Government seats in various Self Financing colleges in the following Specialties.
   [i] Medical Surgical Nursing [ii] Community Health Nursing [iii] Child Health Nursing
   [iv] Obstetrics & Gynaecology Nursing [v] Mental Health Nursing

2. **Eligibility for Admission :**
   **Academic Qualifications:**

(a) Candidate should have passed the Bachelor Degree in Nursing of Kerala, Calicut, Mahatma Gandhi, Cochin, Kannur Universities or Kerala University of Health Sciences or regular course of other universities recognized by KUHS. Only candidates who have passed a regular BSc Nursing Degree program with minimum of 55% aggregate marks will be eligible for admission.

Or

Candidates who have passed the Post Basic B.Sc. Nursing of Kerala, Calicut, Mahatma Gandhi, Kannur Universities or Kerala University of Health Sciences or regular course of other universities recognized by KUHS, after acquiring General Nursing and Midwifery Course with +2 Science Subjects. Only candidates who have passed a regular Post Basic B.Sc. Nursing degree program with minimum of 55% aggregate marks will be eligible for admission. (Those with Distance/Correspondence Degree course is not eligible for MSc Nursing admission)

(b) The candidate should have obtained registration with the Kerala Nurses and Midwives Council and registration certificate is to be produced at the time of admission. Candidates who have studied outside Kerala shall have to produce registration certificate of the concerned Nursing Council of the state from where they have qualified at the time of admission. The selected candidates should produce their registration certificate in original obtained from Kerala Nurses and Midwives Council at the time of admission.

(c) Candidates who have passed B.Sc. Degree in Nursing/Post Basic B.Sc. Nursing (Regular Course) from Universities outside Kerala and any of the Deemed Universities should produce the equivalency certificate from any of the Universities in Kerala, at the time of counseling.

(d) Relaxation in Marks: SC/ST, SEBC and PD candidates will have 5% Relaxation in academic eligibility marks.

(e) **Experience:** Applicant should have completed one year of experience on the date of notification of inviting application (ie, 16.09.2020) in any hospital with average bed strength of one hundred inpatients or in a recognized School of Nursing or in a Community Health centre or internship/ Compulsory Nursing service, after registration with the respective State Nursing Council.

I. The experience of one year acquired by the candidates after registration from the respective State Nursing Councils within or outside Kerala, following successful completion of B Sc Nursing course will only be counted for experience.

II. The period undergone by a candidate for completing the Post Basic B.Sc Nursing Course will not be reckoned for experience. Minimum one year of work experience prior or after Post Basic B.Sc Nursing is essential.

III. Candidates have to produce the Certificate to prove their experience at the time of admission.

(f) Nativity: Applicants should have satisfied any of the following conditions :

I. Indian Citizen of Kerala origin.

II. Candidates, who are sons/daughters of Non-Keralite parents and have obtained B.Sc. Nursing degree from any of the Nursing Colleges in Kerala State.

III. Candidates who are not of Kerala origin but have been a resident of Kerala for a period of not less than 5 years. Non Keralite applicants will not be eligible for communal/Persons with Disability (PD) reservation benefits.
( See clause 7.1.1 of the prospectus)

3. Age: The upper age limit for General candidates shall be 46 years and that for Service candidates shall be 49 years as on the date of notification of inviting application i.e. on (16.09.2020).

4. Mode of Selection : All Candidates including Service Quota candidates shall have to appear for the Entrance Examination to be conducted by the Commissioner for Entrance Examination (CEE), Kerala at Thiruvananthapuram, Ernakulam, Thrissur and Kannur. The Entrance examination will be a Computer Based Test of 2 hours duration with 200 Multiple Choice Questions. The date of Online Entrance Examinations will be notified later. The Commissioner for Entrance Examinations (CEE), Kerala will publish the rank list with all candidates who appeared in the Entrance Examination based on their marks in the Entrance Examination.

5. How to apply : All candidates including Service candidates seeking admission to the PG Nursing Courses 2020 can apply in the Online application form available from 16.09.2020 to 25.09.2020, 4.00 pm through the link 'PG Nursing 2020 - Online Application' in the website www.cee.kerala.gov.in of the CEE. While applying online, candidates should upload the scanned images of his /her latest photograph, signature and all the required documents/ certificates in pdf format as per the instructions given in the Prospectus (clause 8.2.4). No need to send the print out of the confirmation page or any other supporting documents to the office of the Commissioner for Entrance Examination.

6. Application Fee : All candidates including Service candidates shall have to remit the required fee either by online payment gateway using internet banking/credit card/debit card or by using e-chellan payment in any of the Head Post Offices in Kerala. Application Fee for General /Service candidates is Rs.1000/- (Rupees One Thousand Only) and in the case of SC/ST candidates the application fee is 500/- (Rupees Five hundred only).

Application fee once remitted will not be refunded. Service Quota candidates seeking admission in general quota also, should pay an extra amount of Rs. 1000/-(Rupees One Thousand Only).

7. Service quota candidates: Service quota candidates in addition to applying online, should forward a copy of the confirmation page along with all required documents including their service details to the Controlling Officer (DME/DHS/IMS) concerned as stipulated in clause 6.3 and 8.2.5 of the Prospectus, on or before 5 PM on 25.09.2020. The finalized list of Service Quota candidates has to reach the Office of the Commissioner for Entrance Examinations before 5pm on30.09.2020. Do not send service details to CEE office.

8. Admit Cards : Admit cards of the candidates will be provided in the official website of the Commissioner for Entrance Examinations, www.cee.kerala.gov.in prior to the Computer Based Test.
9. Entrance Examination : The scheme of entrance examination, syllabus and the instructions to the candidates are available in clause 9 of the "Prospectus for Admission to PG Nursing (M.Sc. Nursing) -2020" approved by Government of Kerala. Detailed notification regarding the Computer Based Test will be published later.
10. Rank List: CEE will conduct the Entrance Examination and publish the Rank list of General Merit candidates and the list of qualified candidates under Service Quota as per the provisions in clause 11 of the Prospectus for Admission to PG Nursing (M.Sc. Nursing) -2020 approved by Government of Kerala. Service quota candidates shall have to qualify by securing 40% marks in the Entrance Examination to include in the Service quota.
11. The allotment of seats including those under Service Quota will be made by CEE through the Centralised Allotment Process as per clause 12 of the Prospectus for Admission to PG Nursing-2020 approved by Government of Kerala.
12. Candidates may go through the "Prospectus for Admission to PG Nursing -2020", approved by the Government of Kerala, which is available in the official website of the Commissioner for Entrance Examinations, at www.cee.kerala.gov.in before submitting online applications.

Help Line Number :- 0471 2525300

Sd/-

Thiruvananthapuram
16.09.2020

COMMISSIONER FOR ENTRANCE EXAMINATIONS

No. CEE/1600/PGN-2020/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2020

1. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സർക്കാർ നഴ്സിംഗ് കോളേജുകളിലും വിവിധ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കും താഴെപ്പറയുന്ന ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി.നഴ്സിംഗ്) 2020 കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
(i) മെഡിക്കൽ സർജിക്കൽ നഴ്സിംഗ് (ii) കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് (iii) ചൈൽഡ് ഹെൽത്ത് നഴ്സിംഗ് (iv) ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി നഴ്സിംഗ് (v) മെന്റൽ ഹെൽത്ത് നഴ്സിംഗ്

2. **പ്രവേശനത്തിനുള്ള യോഗ്യതകൾ:**

**അക്കാദമിക യോഗ്യതകൾ:**

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളായ കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കൊച്ചി, കണ്ണൂർ സർവ്വകലാശാലകളിലൊന്നിൽ നിന്നും ലഭിച്ചതോ/കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അംഗീകരിച്ച മറ്റ് സർവ്വകലാശാലകളുടെ റഗുലർ നഴ്സിംഗ് ബിരുദം കുറഞ്ഞത് 55% മാർക്ക് നേടി പാസ്സായവർക്ക് മാത്രമേ പ്രവേശനത്തിന് യോഗ്യതയുള്ളൂ. അഥവാ +2 സയൻസ് വിഷയങ്ങളുമായി ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് പൂർത്തിയാക്കിയതിനുശേഷമുള്ള പോസ്റ്റ് ബേസിക് നഴ്സിംഗ് (റഗുലർ) ബിരുദം കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നുള്ളതോ അല്ലെങ്കിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അംഗീകരിച്ച മറ്റ് സർവ്വകലാശാലകളുടെ റഗുലർ കോഴ്സ് കുറഞ്ഞത് 55% മാർക്ക് നേടി വിജയിച്ചവരാകണം (വിദൂര/ കറസ്പോണ്ടൻസ് ഡിഗ്രി കോഴ്സ് ഉള്ളവർക്ക് എം.എസ്.സി നഴ്സിംഗ് പ്രവേശനത്തിന് യോഗ്യതയില്ല)

(ബി) അപേക്ഷകർ കേരള നഴ്സിംഗ് ആൻഡ് മിഡ്വൈവ്സ് കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിരിക്കണം. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൗൺസിലിംഗ് സമയത്ത് ഹാജരാക്കേണ്ടതാണ്. കേരളത്തിന് പുറത്ത് പഠിച്ച ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തെ ബന്ധപ്പെട്ട നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ പ്രവേശന സമയത്ത് കേരള നഴ്സിംഗ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ നിന്നും ലഭിച്ച ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(സി) ബി.എസ്.സി നഴ്സിംഗ് പോസ്റ്റ് ബേസിക് നഴ്സിംഗ് റഗുലർ ബിരുദം എന്നിവ കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നോ ഏതെങ്കിലും ഡീംഡ് സർവ്വകലാശാലകളിൽ നിന്നോ നേടിയിട്ടുള്ളവർ കേരളത്തിലെ സർവ്വകലാശാല നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് കൗൺസിലിംഗ് സമയത്ത് ഹാജരാക്കണം.

(ഡി) മാർക്കിലെ ഇളവ് എസ്.സി/എസ്.ടി, എസ്.ഇ.ബി.സി., പി.ഡി അപേക്ഷകർക്ക് അക്കാദമിക യോഗ്യത മാർക്കുകളിൽ 5% ഇളവ് ഉണ്ടായിരിക്കും.

**(ഇ) സേവന. പരിചയം:** നഴ്സിംഗ് ബിരുദത്തിനും രജിസ്ട്രേഷനും ശേഷം, നഴ്സിംഗ് സ്കൂൾ/കുറഞ്ഞത് 100 രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയിലേതിലെങ്കിലും ഒരു വർഷത്തെ സേവന പരിചയം അല്ലെങ്കിൽ രജിസ്ട്രേഷനുശേഷം ഒരു വർഷത്തെ ഇന്റേൺഷിപ്പ്/നിർബന്ധിത സർക്കാർ സേവനം പ്രവേശന പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ **(16.09.2020)** പൂർത്തിയാക്കിയിരിക്കണം.

**കുറിപ്പ്:**

(എ) ബി.എസ്.സി. നഴ്സിംഗ് ബിരുദത്തിനുശേഷമുള്ള ഒരു വർഷത്തെ പ്രവൃത്തി പരിചയം കേരളത്തിലെയോ മറ്റ് സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നുള്ളതാണെങ്കിലും പരിഗണിക്കുന്നതാണ്.

(ബി) പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കുന്നതിനാവശ്യമായ കാലയളവ് പ്രവൃത്തി പരിചയമായി പരിഗണിക്കില്ല. പോസ്റ്റ് ബേസിക് നഴ്സിംഗിന് മുമ്പോ ശേഷമോ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം അത്യാവശ്യമാണ്.

(സി) സേവന പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കണം.

(എഫ്) **നേറ്റിവിറ്റി:** അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇന്ത്യൻ പൗരനായിരിക്കണം. കേരളീയരല്ലാത്ത ഇന്ത്യൻ പൗരത്വമുള്ള അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും നഴ്സിംഗ് കോളേജിൽ നിന്നും ബി.എസ്.സി നഴ്സിംഗ് ബിരുദം നേടിയിരിക്കുകയോ 5 വർഷത്തിൽ കുറയാതെ കേരളത്തിൽ താമസക്കാരനായിരിക്കുകയോ വേണം. **കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/ഭിന്നശേഷി സംവര ണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല. (പ്രോസ്പെക്ട്സ് ക്ലോസ് 7.1.1)**

3. **വയസ്സ്:** പ്രവേശന പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ (16.09.2020) ജനറൽ വിഭാഗത്തിൽപ്പെടുന്നവർക്ക് ഉയർന്ന പ്രായ പരിധി 46 വയസ്സും സർവ്വീസ് ക്വാട്ടാ അപേക്ഷകരുടെ ഉയർന്ന പ്രായ പരിധി 49 വയസ്സും ആയിരിക്കും.

4. **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും:** സർവ്വീസ് വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും പ്രവേശന പരീക്ഷാ കമ്മീഷണർ കേരളത്തിലെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതിയിരിക്കണം. പ്രവേശന പരീക്ഷ 2 മണിക്കൂർ ദൈർഘ്യമുള്ളതും 200 ചോദ്യങ്ങളുള്ളതും ഒബ്ജക്ടീവ് മാതൃകയിലുള്ളതുമായിരിക്കും. പ്രവേശന പരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

5. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകർക്കും www.cee.kerala.gov.in എന്ന പ്രവേശന പരീക്ഷാ കമ്മീഷറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാഫോം ഉപയോഗിച്ച് 16.09.2020 മുതൽ 25.09.2020 വൈകുന്നേരം 4 മണി വരെ 'PG Nursing 2020-Online Application' എന്ന ലിങ്കിലൂടെ **ഓൺലൈനായി** അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകൻ തങ്ങളുടെ ഫോട്ടോഗ്രാഫ്, ഒപ്പ് എന്നിവയും ബന്ധപ്പെട്ട രേഖകൾ പി.ഡി.എഫ് ഫോർമാറ്റിൽ സ്കാൻ ചെയ്ത് പ്രോസ്പെക്ടസ് ക്ലോസ് 8.2.4 ലെ നിബന്ധനകൾക്കനുസൃതമായി അപ്ലോഡ് ചെയ്യേണ്ടതാണ്. **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല.**

6. **അപേക്ഷാ ഫീസ്:** ജനറൽ/സർവ്വീസ് വിഭാഗത്തിന് 1000/- രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 500/- രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷ ഫീസ് ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേയിലൂടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡബിറ്റ് കാർഡ് മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്. **ജനറൽ മെറിറ്റ് ക്വാട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ അധികമായി 1000/- രൂപ കൂടി അടക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.**

7. **സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ:** സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ അപേക്ഷയുടെ കൺഫർമേഷൻ പേജ്, പ്രോസ്പെക്ടസ് ക്ലോസ്സ് 6.3, 8.2.5-ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം **25.09.2020വൈകുന്നേരം 5 മണി**യ്ക്ക് മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (ഡി.എം.ഇ/ഡി.എച്ച്.എസ്/ഐ.എം.എസ്) സമർപ്പിക്കേണ്ടതാണ്. സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം സർവ്വീസ് ക്വാട്ടയിലെ അപേക്ഷകരുടെ അന്തിമ പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **30.09.2020** തീയതിയ്ക്കകം ലഭിക്കേണ്ടതാണ്. സർവ്വീസ് സംബന്ധമായ വിവരങ്ങൾ അപേക്ഷകൻ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

8. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും പ്രവേശന പരീക്ഷയ്ക്കു മുമ്പായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

9. **പ്രവേശന പരീക്ഷ:** പ്രവേശന പരീക്ഷയുടെ സ്കീം, സിലബസ്സ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങളെല്ലാം സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 9-ൽ ലഭ്യമാണ്. പ്രവേശന പരീക്ഷ സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

10. **റാങ്ക് ലിസ്റ്റ്:** പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് നിശ്ചിത യോഗ്യത നേടുന്ന ജനറൽ വിഭാഗത്തിലെ അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റും പരീക്ഷയിൽ യോഗ്യത നേടിയ സർവ്വീസ് വിഭാഗത്തിലെ അപേക്ഷാർത്ഥികൾ ഉൾപ്പെടുന്ന പ്രത്യേക റാങ്ക് ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ **(www.cee.kerala.gov.in)** പ്രസിദ്ധീകരിക്കുന്നതാണ്. സർവ്വീസ് വിഭാഗത്തിൽ അപേക്ഷിച്ചവർ പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യതയായ 40% മാർക്ക് നേടിയിരിക്കണം.

11. **<u>പ്രവേശനം:</u>** സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള, അലോട്ട്മെന്റ്, കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ, സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

12. സർക്കാർ അംഗീകരിച്ച്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതുമായ 2020 ലെ ബിരുദാനന്തര ബിരുദ നഴ്സിംഗ് കോഴ്സിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലുള്ള വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് എല്ലാ അപേക്ഷകരും ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : **0471 2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.09.2020